കേരള കൗമുദി 1.10.2011

# ആധാർ രജിസ്ട്രേഷൻ ഒരുലക്ഷം കവിഞ്ഞു

പത്തനംതിട്ട :ജില്ലയിൽ ആധാർ തിരിച്ചറിയൽ നമ്പർ രജിസ്ട്രേഷൻ ഒരു ലക്ഷം കവിഞ്ഞു. പള്ളിക്കൽ, സീതത്തോട്, കോന്നി, തോട്ടപ്പുഴശ്ശേരി, റാന്നി-പെരുനാട് പഞ്ചായത്തുകളിലാണ് ഇപ്പോൾ രജിസ്ട്രേഷൻ നടക്കുന്നത്. ഈ മാസം രജിസ്ട്രേഷൻ നടക്കുന്ന നെടുമ്പ്രം, ഓമല്ലൂർ, മല്ലപ്പുഴശ്ശേരി, റാന്നി-അങ്ങാടി, റാന്നി, ആറന്മുള ഏറത്ത്, കലഞ്ഞൂർ എന്നീ പഞ്ചായത്തുകളിൽ ഇതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. ആദ്യഘട്ടം രജിസ്ട്രേഷൻ പൂർത്തിയായ പഞ്ചായത്തുകളിൽ അടുത്ത വിവിധ ഘട്ടങ്ങളിൽ രജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടാകും. ജില്ലയിലെ ജനങ്ങൾ ആധാർ രജിസ്ട്രേഷനിൽ സജീവമായി പങ്കെടുത്തതിനാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ മുൻപന്തിയിലെത്താൻ ജില്ലയ്ക്ക് കഴിഞ്ഞതായി ആധാർ സംഘാടക സമിതി ചെയർമാൻകൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ബാബു ജോർജ്ജ് അറിയിച്ചു.

മാതൃഭൂമി 1.10.2011

# ആധാർ;ജില്ലയിൽ രജിസ്ട്രേഷൻ ഒരുലക്ഷം കവിഞ്ഞു

**കോന്നി:** ആധാർ പദ്ധതിയിൽ പത്തനംതിട്ട ജില്ലയിൽ വ്യാഴാഴ്ചവരെ 1,02636 പേർ രജിസ്റ്റർ ചെയ്തു. ഇവരുടെ ഫോട്ടോയെടുപ്പും വിരലടയാളവും രേഖപ്പെടുത്തിക്കഴിഞ്ഞു.

ഇലന്തൂർ ബ്ലോക്കിലെ കോയിപ്രത്ത് ആധാർ നടപടികൾ പൂർത്തിയായി. തുമ്പമൺ പഞ്ചായത്തിലും പൂർത്തീകരിച്ചു.വള്ളിക്കോട്, കോന്നി, മൈലപ്ര, തോട്ടപ്പുഴശേരി, മലയാലപ്പുഴ, പന്തളം, ഏഴംകുളം, പള്ളിക്കൽ, കടപ്ര, റാന്നി- പെരുനാട്, സീതത്തോട് എന്നിവിടങ്ങളിൽ നടപടികൾ പുരോഗിക്കുന്നു.

തേജസ് 1.10.2011

# ജില്ലയിൽ ആധാർ രജിസ്ട്രേഷൻ ഒരു ലക്ഷം കവിഞ്ഞു

പത്തനംതിട്ട : പത്തനംതിട്ടജില്ലയിൽ ആധാർ തിരിച്ചറിയൽ നമ്പർ രജിസ്ട്രേഷൻ ഒരു ലക്ഷം കവിഞ്ഞു. പള്ളിക്കൽ, സീതത്തോട്, കോന്നി, തോട്ടപ്പുഴശ്ശേരി, റാന്നി-പെരുനാട് പഞ്ചായത്തുകളിലാണ് ഇപ്പോൾ രജിസ്ട്രേഷൻ നടക്കുന്നത്.

ഈ മാസം രജിസ്ട്രേഷൻ നടക്കുന്ന നെടുമ്പ്രം, ഓമല്ലൂർ, മല്ലപ്പുഴശ്ശേരി, റാന്നി-അങ്ങാടി, റാന്നി, ആറന്മുള ഏറത്ത്, കലഞ്ഞൂർ എന്നീ പഞ്ചായത്തുകളിൽ ഇതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. ആദ്യഘട്ടം രജിസ്ട്രേഷൻ പൂർത്തിയായ പഞ്ചായത്തുകളിൽ അടുത്ത വിവിധ ഘട്ടങ്ങളിൽ രജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടാകും.

ജില്ലയിലെ ജനങ്ങൾ ആധാർ രജിസ്ട്രേഷനിൽ സജീവമായി പങ്കെടുത്തതിനാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ മുൻപന്തിയിലെത്താൻ ജില്ലയ്ക്ക് കഴിഞ്ഞതായി ആധാർ സംഘാടക സമിതി ചെയർമാൻകൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ബാബു ജോർജ്ജ് അറിയിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായ സഹകരണം മൂലമാണ് ജില്ലയ്ക്ക് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്നും ആധാർ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഈ മാസം 17ന് ഉച്ചയ്ക്ക് രണ്ടിന് ജില്ലാ പഞ്ചായത്തിൽ ആധാർ സംഘാടക സമിതിയോഗം ചേരുമെന്നും അദ്ദേഹം പറഞ്ഞു.

ദേശാഭിമാനി 1.10.2011

# ആധാർ രജിസ്ട്രേഷൻ ഒരുലക്ഷം കവിഞ്ഞു

പത്തനംതിട്ട: ജില്ലയിൽ ആധാർ തിരിച്ചറിയൽ നമ്പർ രജിസ്ട്രേഷൻ ഒരു ലക്ഷം കവിഞ്ഞു. പള്ളിക്കൽ, സീതത്തോട്, കോന്നി, തോട്ടപ്പുഴശ്ശേരി, റാന്നി-പെരുനാട് പഞ്ചായത്തുകളിലാണ് ഇപ്പോൾ രജിസ്ട്രേഷൻ നടക്കുന്നത്. ഈ മാസം രജിസ്ട്രേഷൻ നടക്കുന്ന നെടുമ്പ്രം, ഓമല്ലൂർ, മല്ലപ്പുഴശ്ശേരി, റാന്നി-അങ്ങാടി, റാന്നി, ആറന്മുള ഏറത്ത്, കലഞ്ഞൂർ എന്നീ പഞ്ചായത്തുകളിൽ ഇതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി. ആദ്യഘട്ടം രജിസ്ട്രേഷൻ പൂർത്തിയായ പഞ്ചായത്തുകളിൽ അടുത്ത വിവിധ ഘട്ടങ്ങളിൽ രജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടാകും.

മാധ്യമം 1.10.2011

# ജില്ലയിൽ ആധാർ രജിസ്ട്രേഷൻ ഒരുലക്ഷം കവിഞ്ഞു

പത്തനംതിട്ട: ജില്ലയിൽ ആധാർ തിരിച്ചറിയൽ നമ്പർ രജിസ്ട്രേഷൻ ഒരു ലക്ഷം കവിഞ്ഞു.

പള്ളിക്കൽ, സീതത്തോട്,കോന്നി, തോട്ടപ്പുഴശേരി,റാന്നി-പെരുനാട് പഞ്ചായത്തുകളിലാണ് ഇപ്പോൾ രജിസ്ട്രേഷൻ നടക്കുന്നത്.ഈ മാസം രജിസ്ട്രേഷൻ നടക്കുന്ന നെടുമ്പ്രം,ഓമല്ലൂർ,മല്ലപ്പുഴശേരി, റാന്നി-അങ്ങാടി,റാന്നി,ആറന്മുള ഏറത്ത്,കലഞ്ഞൂർ പഞ്ചായത്തുകളിൽ ക്രമീകരണം പൂർത്തിയായി.

ആദ്യഘട്ടം രജിസ്ട്രേഷൻ പൂർത്തിയായ പഞ്ചായത്തുകളിൽ അടുത്ത ഘട്ടങ്ങളിൽ രജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടാകും. ജനങ്ങൾ ആധാർ രജിസ്ട്രേഷനിൽ സജീവമായി പങ്കെടുത്തതിനാൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തവരുടെ എണ്ണത്തിൽ മുൻപന്തിയിലെത്താൻ ജില്ലക്ക് കഴിഞ്ഞെന്ന് ആധാർ സംഘാടക സമിതി ചെയർമാൻ കൂടിയായ ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ബാബു ജോർജ് അറിയിച്ചു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടായ സഹകരണം മൂലമാണ് ഈ നേട്ടം കൈവരിക്കാൻ കഴിഞ്ഞതെന്നും അദ്ദേഹം പറഞ്ഞു. പ്രവർത്തനം വിലയിരുത്താൻ 17ന് ഉച്ചക്ക് രണ്ടിന് ജില്ലാ പഞ്ചായത്തിൽ ആധാർ സംഘാടക സമിതി യോഗമുണ്ടാകും.